•ബോർഡിന്റെ മെക്കാനിക്കൽ വർക്ക്ഷോപ്പുകളിൽ സാധനങ്ങൾ സ്വന്തമായി നിർമ്മിച്ച് ലഭ്യമാക്കുന്നുണ്ട്.

•ഈ സംവിധാനത്തിന്റെ ഉൽപാദനം കൂട്ടുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

•പോസ്റ്റുകൾ ലഭ്യമാക്കുതിനുള്ള ഓർഡറുകൾ എത്രയും പെട്ടെന്ന് നൽകുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്.

പുതിയ വൈദ്യുതി കണക്ഷൻ

53 [364] *ശ്രീ. ജി. കാർത്തികേയൻ:*

,, *വി. ജെ. പൗലോസ്:*

,, *ജോർജ് ജെ. മാത്യു:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഗാർഹിക വൈദ്യുതി ഉപഭോക്താക്കളുണ്ട്;

(ബി) സംസ്ഥാനത്തുള്ള എല്ലാ വീടുകളിലും വൈദ്യുതി എത്തിക്കുന്നതിനായി ഇനി എത്ര വീടുകൾക്ക് കൂടി കണക്ഷൻ നൽകേണ്ടതുണ്ട്;

(സി) ബാക്കിയുള്ള എല്ലാ വീടുകളിലും എന്നത്തേക്ക് വൈദ്യുതി കണക്ഷൻ നൽകുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്?

ഉത്തരം

(എ) 31-5-2005 വരെ 59 ലക്ഷം.

(ബി) 6 ലക്ഷം.

(സി) രണ്ടു വർഷത്തിനുള്ളിൽ മുഴുവൻ വീടുകളും വൈദ്യുതീകരിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

പോസ്റ്റുകൾ നിർമ്മിക്കുന്നതും വാങ്ങുന്നതും സംബന്ധിച്ച വ്യവസ

54 [365] *ശ്രീ. കോടിയേരി ബാലകൃഷ്ണൻ:*

,, *വി. ചെന്താമരാക്ഷൻ:*

,, *എം. വി. ജയരാജൻ:*

,, *സാജു പോൾ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പ്മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിനാവശ്യമായ വിവിധ ഇനം പോസ്റ്റുകൾ നിർമ്മിക്കുന്നതും വാങ്ങുന്നതും സംബന്ധിച്ച വ്യവസ്ഥകളിൽ മാറ്റം വരുത്തിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) വിവിധ ഇനം പി. എസ്. സി. പോസ്റ്റുകൾ വൈദ്യുതി ബോർഡിന്റെ ഓരോ സർക്കിൾ ആഫീസ് പരിധിയിലും കഴിഞ്ഞ 5 കൊല്ലക്കാലം ഉപയോഗപ്പെടുത്തിയതിന്റെ വിശദാംശം വെളിപ്പെടുത്താമോ;

(സി) വരുന്ന 5 വർഷം ഓരോ സർക്കിൾ ആഫീസ് പരിധിയിലും ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന ജോലികളുടെ അടിസ്ഥാനത്തിൽ ആവശ്യമുള്ള പോസ്റ്റുകളുടെ എണ്ണം ലഭ്യമാക്കാമോ;

(ഡി) ഈ പ്രവൃത്തികൾ ഏറ്റെടുക്കാൻ ആവശ്യമായ വിവിധ ഇനം സാധന സാമഗ്രികൾ ലഭ്യമാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. 8/2002-ലെ ബോർഡ് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വിവിധ സർക്കിളുകളിലേക്ക് ആവശ്യമായ പോസ്റ്റുകൾ ടെണ്ടർ വിളിച്ച് ലഭ്യമാക്കാനുള്ള ചുമതല ചീഫ് എഞ്ചിനീയർക്കാണ് (ടി.സി.ആന്റ്.എം.) നേരത്തെ ഡിപ്പാർട്ട്മെന്റ് ഉദ്യോഗസ്ഥരുടെ പൂർണ്ണ മേൽനോട്ടത്തിൽ പോസ്റ്റുകൾ നിർമ്മിക്കുകയും അവ ടെസ്റ്റ് ചെയ്തതിനുശേഷം ഉപയോഗിക്കുകയും ആയിരുന്നു ചെയ്തു വന്നിരുന്നത്. ഇപ്പോൾ കോൺട്രാക്ടർമാർ നിർമ്മിച്ചു നൽകുന്ന പോസ്റ്റുകൾ ബി.ഐ.എസ്. പ്രകാരമുള്ള ടെസ്റ്റുകൾ ബോർഡിലെ എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ നടത്തി ഗുണനിലവാരം ഉറപ്പു വരുത്തിയതിനുശേഷം വാങ്ങുകയുമാണ് ചെയ്യുന്നത്.

(ബി) ഉത്തരം അനുബന്ധം -I ആയി ചേർക്കുന്നു.†

(സി) ഉത്തരം അനുബന്ധം -II ആയി ചേർക്കുന്നു.†

(ഡി) ഈ പ്രവൃത്തികൾ ഏറ്റെടുക്കുവാൻ ആവശ്യമായ വിവിധ ഇനം സാധന സാമഗ്രികളായ ട്രാൻസ്ഫോർമറുകൾ, എനർജി മീറ്ററുകൾ, നാലു തരത്തിലുള്ള കമ്പികൾ എന്നിവയ്ക്ക് ഓർഡർ നൽകുകയും, ടെണ്ടർ ക്ഷണിക്കുകയും ചെയ്തു. 8-12-2004-ന്റെ ബോർഡ് ഉത്തരവ് പ്രകാരം 1-1-2005 മുതൽ ട്രാൻസ്ഫോർമറുകൾ, എനർജി മീറ്റർ, കമ്പികൾ, പോസ്റ്റുകൾ മുതലായവ ഒഴികെയുള്ള മറ്റു സാധനങ്ങൾ അതാതു വിതരണവിഭാഗം ചീഫ് എഞ്ചിനീയർമാർക്ക് വാങ്ങാനുള്ള അനുമതിയും നൽകിയിട്ടുണ്ട്.

†വൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly